(ഡി) ചിറയിൻകീഴ് താലൂക്കിൽ മണ്ണൂർഭാഗ (ആലൻകോട്ട പകരി)ത്തിലും മറ്റൊരു പ്രദേശത്തിലും മസൂരി രോഗം ബാധിച്ചിട്ടുണ്ടോ; എത്രപേർ മരിച്ചു; എന്തെല്ലാം നിവാരണനടപടികളെടുത്തു?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) 1954-55-ൽ 159; 1955-56-ൽ 40; (10-2-1956 വരെ)

(ബി) ഇല്ല.

(സി) 1954-55-ൽ നടത്തിയിട്ടുള്ള വാക്സിനേഷൻ 26,23,224. 1955-56-ലേയ്ക്കുള്ള സ്ഥിതിവിവരങ്ങൾ പൂർത്തിയാക്കി വരുന്നതേയുള്ളൂ. എന്നാൽ മൊത്തത്തിൽ 1954-55-ലുള്ള സംഖ്യയിൽ നിന്നും വലിയ വ്യത്യാസം കാണുന്നില്ല.

(ഡി) മണ്ണൂർഭാഗത്തു് മുന്നൂറ്റിപ്പേർക്കു മസൂരി ബാധിച്ചു. അതിൽ രോഗം മാറിപ്പോയി. കേരാനിയിൽ 6 പേർക്കു മസൂരി ബാധിച്ചു. അതിൽ നാലുപേർ മരിച്ചു. മസൂരി ബാധയുണ്ടായ പ്രദേശങ്ങളിൽ വിപുലമായ തോതിൽ വാക്സിനേഷൻ നടത്തുന്നുണ്ടു്.

ആശുപത്രി കണ്ടിൻജൻസി ജീവനക്കാരുടെ മെമ്മോറാണ്ടം.

* 176 [28] ശ്രീ. വി. ശ്രീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആൾ ട്രാവൻകൂർ ഹോസ്പിറ്റൽ കണ്ടിൻജൻസി എംപ്ലോയീസ് അസോസിയേഷനിൽനിന്നും ഹോസ്പിറ്റൽ കണ്ടിൻജൻസി ജീവനക്കാരുടെ ആവശ്യങ്ങളടങ്ങുന്ന ഒരു മെമ്മോറാണ്ടം ഈ ഗവണ്മെൻറിനു ലഭിക്കുകയുണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ മെമ്മോറാണ്ടം ലഭിച്ചിട്ടു് ഇപ്പോൾ എത്ര നാളുകളായി;

(സി) ഈ മെമ്മോറാണ്ടത്തിൽ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങളിൽ ഏതെങ്കിലും ഗവണ്മെൻറു് അനുവദിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

ആരോഗ്യവകുപ്പു മന്ത്രി (ശ്രീ. എ. എ. റഹിം):

(എ) ഉണ്ടു്.

(ബി) മെമ്മോറാണ്ടം ലഭിച്ചിട്ടു് 4 മാസത്തിൽ കൂടുതലായി.

(സി) ഉണ്ടു്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ഫാക്ടറിയിലെ അഴിമതി.

* 177. [29] ശ്രീ. ടി. കെ. ദേവു: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫെർടിലൈസേഴ്സ് ആൻഡ് കെമിക്കൽസിൽ വളരെ അഴിമതി നടക്കുന്നതായി ഗവണ്മെൻറിനു പരാതി ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly